പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 970 — 12.06.2014 ൽ മറുപടിക്ക്

## ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രൈമറി സ്കൂളുകളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 1.03.2014 ലെ സ.ഉ. (കൈ.) നം. 44/2014/പൊ.വി.വ. പ്രകാരം 2013-14 വർഷത്തിൽ കേരളത്തിൽ പ്രവർത്തിച്ച 354 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സ്ഥലവും കെട്ടിടവും സ്വന്തമായുള്ള 111 (നൂറ്റിപ്പതിനൊന്ന്) എണ്ണത്തെ ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി കേരള സർവ്വ ശിക്ഷാ അഭിയാൻ പത്ത് സ്കൂളുകളെ തെരഞ്ഞെടുക്കുകയും അത് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ചു വരികയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (സി) | പ്രസ്തുത പദ്ധതിക്കായി 2014-15 വാർഷിക പദ്ധതിയിൽ 275.5 ലക്ഷം രൂപ കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ